മലയാള മനോരമ

09 May 2024

# മത്സ്യസമ്പത്തിലേക്ക് രണ്ടിനം മീനുകൾ കൂടി

## കോലാൻ–മുരൽ വിഭാഗത്തിൽപെട്ടവയാണു മീനുകൾ

കൊച്ചി● ഇന്ത്യൻ സമുദ്ര മത്സ്യസമ്പത്തിലേക്കു രണ്ടിനം മീനുകൾ കൂടി. കോലാൻ–മുരൽ വിഭാഗത്തിൽപെട്ട 2 പുതിയ മീനുകളെയാണു കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) ഗവേഷകർ കണ്ടെത്തിയത്. അബ്ലെന്നെസ് ജോസ്ബെർക്മെൻസിസ്, അബ്ലെന്നെസ് ഗ്രേസാലി എന്നിങ്ങനെ ശാസ്ത്രീയ നാമകരണം നൽകി.

സിഎംഎഫ്ആർഐയിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ഇ. എം. അബ്ദുസമദിന്റെ നേതൃത്വത്തിൽ ഗവേഷണം നടത്തുന്ന ടോജി തോമസ് ആണു മീനുകളെ കണ്ടെത്തിയത്.

മീനുകൾക്ക് കിലോഗ്രാമിന് 400 രൂപ വരെ വിപണിയിൽ വിലയുണ്ട്.

സിഎംഎഫ്ആർഐയിലെ ഡോ. ഷിജിൻ അമേരി, ബദറുൽ സിജാദ്, ഡോ. കെ. കെ. സജികുമാർ എന്നിവരും ഗവേഷണത്തിൽ പങ്കാളികളായിരുന്നു. റീജനൽ സ്റ്റഡീസ് ഇൻ മറൈൻ സയൻസ് ജേണലിൽ പഠനം പ്രസിദ്ധീകരിച്ചു.



അബ്ലെന്നെസ് ഗ്രേസാലി മീൻ.



അബ്ലെന്നെസ് ജോസ്ബെർക്മെൻസിസ് മീൻ.